

കേൾക്കേണ്ട ശബ്ദം:
സാഹിത്യത്തിലും അഭിനയരംഗത്തും സ്വഭാവഗുണം പ്രധാനമാണ്.
-ടി.പത്മനാഭൻ

മക്തബ്

1194 കന്നി 22 1440 മുഹറം 28

ചെപ്പടി വിദ്യയാണേ...

കേന്ദ്രസർക്കാർ ഇന്ധനവിലയിൽ രണ്ടര രൂപയുടെ കുറവ് വരുത്തിയിരിക്കുന്നു. ഇതൊരു ചെപ്പടി വിദ്യയാണ്. ലോക്സഭ തിരഞ്ഞെടുപ്പ് ആസന്നമായിരിക്കുന്ന സന്ദർഭത്തിൽ ജനങ്ങളുടെ കണ്ണിൽപൊടിയിടാനുള്ള വേലത്തരം. ഇത്തരം ധാരാളം ചെപ്പടി വിദ്യകൾ ഇനി കാണാനിരിക്കുന്നതേയുള്ളൂ.

നരേന്ദ്രമോദി സർക്കാർ അധികാരത്തിലേറിയ ശേഷം ഇന്ധനവില കുത്തനെ വർധിക്കുകയായിരുന്നു. എണ്ണ കമ്പനികൾ വരുത്തിയ വില വർധനവിന് പുറമേ എക്സൈസ് ഡ്യൂട്ടി ഇനത്തിൽ കേന്ദ്രസർക്കാർ വൻ വർധനവാണ് വരുത്തിയത്. കഴിഞ്ഞ നാലര വർഷത്തിനിടയിൽ പെട്രോളിന് ലിറ്ററിന് 11.71 രൂപയും ഡീസലിന് 13 രൂപയ്ക്ക് അടുത്തുമാണ് എക്സൈസ് തീരുവയായി വർധിപ്പിച്ചത്. ഇക്കാലയളവിൽ രണ്ടുതവണ മാത്രമാണ് നാമമാത്രമായ കുറവ് വരുത്തിയത്. ഇപ്പോൾ ഒന്നര രൂപയാണ് എക്സൈസ് തീരുവ കുറച്ചത്. എണ്ണ കമ്പനികൾ ഒരു രൂപയും കുറച്ചു. മല എലിയെ പ്രസവിച്ചതുപോലുള്ള നടപടി.

അന്താരാഷ്ട്ര വിപണിയിൽ അസംസ്കൃത എണ്ണയുടെ വില കുറഞ്ഞു കൊണ്ടിരുന്നപ്പോഴും ഇവിടെ എണ്ണ കമ്പനികൾക്ക് വില വർധിപ്പിക്കാൻ അനുമതി നൽകുകയായിരുന്നു. ലോകത്ത് ഇന്ധനത്തിന് ഏറ്റവുമധികം നികുതി ചുമത്തുന്ന രാജ്യങ്ങളിൽ ഒന്നാണ് ഇന്ത്യ. നമ്മുടെ അയൽസംസ്ഥാനങ്ങളും നമ്മുടെ രാജ്യത്തെക്കാൾ പിന്നോക്കാവസ്ഥയിൽ നിൽക്കുന്നതുമായ പാക്കിസ്ഥാനിലും ബംഗ്ലാദേശിലും പോലും ഇത്രയധികം നികുതിയില്ല.

ഇന്ധനവില വർധനവ് സർവ മേഖലകളെയും പ്രതികൂലമായി ബാധിക്കുന്നതാണ്. ഇന്ത്യയിൽ അനുഭവപ്പെട്ടു കൊണ്ടിരിക്കുന്ന വൻ വിലക്കയറ്റത്തിന്റെ പ്രധാന കാരണങ്ങളിലൊന്ന് ഇന്ധന വിലവർധനവാണ്. അങ്ങനെ ഈ രാജ്യത്തെ സാധാരണക്കാരുടെ ജീവിതം ദുരിതപൂർണ്ണമാക്കിയ ശേഷമാണ് ഇപ്പോൾ നാമമാത്രമായ ഇളവ് അനുവദിക്കുന്നത്.

ഇന്ധനങ്ങളെ ജി.എസ്.ടി പരിധിയിൽ ഉൾപ്പെടുത്തണമെന്ന ആവശ്യം പോലും കേന്ദ്ര സർക്കാർ നിരാകരിക്കുകയായിരുന്നു. രാജ്യത്താകമാനം ഏകീകൃത നികുതി സമ്പ്രദായം കൊണ്ടുവന്നത് പുരോഗമനപരമാണെന്നാണ് കേന്ദ്ര ഭരണാധികാരികൾ അവകാശപ്പെട്ടത്. എന്നിട്ടും ഇന്ധനങ്ങളെ ജി.എസ്.ടി പരിധിയിൽ കൊണ്ടുവരാതിരുന്നത് കൊള്ള തുടരാൻ വേണ്ടിയായിരുന്നു.

സ്വാഭാവികമായും ഒരു ചോദ്യം ഉയരാം. നികുതി സമാഹരണത്തിലൂടെ അല്ലാതെ എങ്ങനെ സർക്കാരിന് മുന്നോട്ടുപോകാൻ കഴിയും. രാജ്യത്ത് വികസന പ്രവർത്തനം നടത്താൻ പണം എവിടെ നിന്ന് സമാഹരിക്കാൻ കഴിയും? ശരിയാണ് രാജ്യത്ത് വികസന പ്രവർത്തനം നടത്താൻ പണം വേണം. പക്ഷെ, എന്തുതരം വികസന പ്രവർത്തനമാണ് രാജ്യത്ത് നടത്തുന്നതെന്നും അത് ആർക്കുവേണ്ടിയുള്ളതാണെന്നും പരിശോധിക്കണം. രാജ്യത്തിന്റെ റവന്യൂ വരുമാനത്തിന്റെ വലിയൊരു ഭാഗം വിദേശ വായ്പയുടെ തിരിച്ചടവിന് വേണ്ടിയാണ് ഉപയോഗിക്കുന്നത്. ജനത്തിന്റെ അടിസ്ഥാനപരമായ ആവശ്യങ്ങൾ പരിഹരിക്കുന്നതിന് വേണ്ടിയല്ല വിദേശ ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് വായ്പയെടുക്കുന്നത്. മറിച്ച് റഫാൽ യുദ്ധവിമാനങ്ങൾ ഉൾപ്പെടെയുള്ളവ വാങ്ങുന്നതിനാണ്. ധൂർത്തിന് പുറമേ കോടാനുകോടിയുടെ അഴിമതിയാണ് ഇത്തരം ഇടപാടുകളിൽ നടക്കുന്നത്. പ്രതിരോധ ചെലവുകൾ വെട്ടിക്കുറക്കണമെന്ന ആവശ്യം എത്രയോ കാലമായി രാജ്യത്ത് ഉയരുന്നുണ്ട്. എന്നാൽ രാജ്യരക്ഷയെ കുറിച്ച് അനാവശ്യ ഭീതിപരത്തി യുദ്ധോപകരണങ്ങൾ വാങ്ങിക്കൂട്ടുകയാണ്. മറ്റൊരുവശത്ത് കൂറ്റൻ അണക്കെട്ടുകളും ഭീമൻ റോഡുകളും ആവശ്യത്തിലേറെ വിമാനത്താവളങ്ങളും പണിയുന്നു. എല്ലാ നിർമ്മാണ പ്രവൃത്തികളുടെ പിറകിലും കമ്മീഷൻ എന്നൊരു ഇടപാട് മറഞ്ഞിരിക്കുന്നുണ്ട്.

ഇന്ത്യയുടെ വരുമാന മാർഗമാകേണ്ടുന്ന സമ്പത്തുകൾ പോലും കോർപ്പറേറ്റുകൾക്ക് കൊള്ളയടിച്ചു കൊണ്ടുപോകാൻ അനുമതി നൽകുകയാണ്. രാജ്യത്തിന്റെ ധാതുസമ്പത്ത് എത്ര ചുരുങ്ങിയ വിലക്കാണ് കോർപ്പറേറ്റുകൾക്ക് നൽകുന്നതെന്ന് ആലോചിച്ചു നോക്കുക.

രാജ്യത്തിന്റെ ബാങ്കിംഗ് സമ്പത്തുപോലും കോർപ്പറേറ്റുകൾക്ക് ദാനം ചെയ്യുകയാണ്. കോർപ്പറേറ്റുകളുടെ കോടികണക്കിന് രൂപയുടെ വായ്പ കുടിശികയാണ് എഴുതി തള്ളുന്നത്. നിരവധി വൻ വ്യവസായികളാണ് അടുത്ത കാലത്ത് ബാങ്കുകളിൽ നിന്ന് പണം തട്ടിച്ച് വിദേശരാജ്യങ്ങളിലേക്ക് കടന്നത്. അതിനൊക്കെ ഒത്താശ ചെയ്തവർ ആരാണെന്ന് വ്യക്തമാണ്.

വിദേശ ശക്തികൾക്കും കോർപ്പറേറ്റുകൾക്കും രാജ്യത്തിന്റെ സമ്പത്ത് കവർച്ച ചെയ്യാൻ അനുമതി നൽകുന്നവർ, അത് സൃഷ്ടിക്കുന്ന സാമ്പത്തിക പ്രതിസന്ധിയുടെ ഭാരം ജനങ്ങൾക്ക് മേൽ അടിച്ചേൽപ്പിക്കുകയാണ്. ബാങ്കുകൾ എഴുതി തള്ളിയ കേർപ്പറേറ്റുകളുടെ വായ്പ കുടിശിക ഈടാക്കിയാൽ മാത്രം ഇന്ധന നികുതി ഉൾപ്പെടെയുള്ളവ വൻതോതിൽ കുറക്കാൻ കഴിയും.

യു.പി.എ സർക്കാരിന്റെ കാലത്ത് ഇന്ധനവില വർധനവുണ്ടായപ്പോൾ ബന്ദ് നടത്തിയവരാണ് ഇപ്പോൾ രാജ്യം ഭരിക്കുന്നത്. അവർ അധികാരത്തിലേറിയപ്പോഴാണ് ഇന്ധനവില ഏറ്റവും അധികം വർധിപ്പിച്ചത്. ഇതാണ് രാഷ്ട്രീയം. കള്ളനും പോലീസുമായി മാറി മാറി കളിക്കുന്നതാണ് രാഷ്ട്രീയം.

കേന്ദ്ര സർക്കാർ എക്സൈസ് തീരുവയിൽ നിസാര കുറവ് വരുത്തിയതിന്റെ പിന്നാലെ ബി.ജെ.പി ഭരിക്കുന്ന 12 സംസ്ഥാനങ്ങൾ വാറ്റ് നികുതി കുറക്കാൻ തയ്യാറായി. ഇന്ധനവില വർധിക്കുന്നതിന് അനുസരിച്ച് സംസ്ഥാനങ്ങളുടെ നികുതി വരുമാനത്തിൽ വൻ വർധനവാണ് ഉണ്ടാകുന്നത്. എക്സൈസ് തീരുവ കൂടി ചേർന്ന വിലയുടെ മേലാണ് സംസ്ഥാനങ്ങൾ അവരുടെ നികുതി ചുമത്തുന്നത്. വർധിപ്പിച്ച വിലയുടെ നികുതി വേണ്ടെന്ന് വച്ചാൽ തന്നെ ജനങ്ങൾക്ക് അൽപ്പം ആശ്വാസം ലഭിക്കും. എന്നാൽ കേരളം ഭരിക്കുന്നവർ അതിന് തയ്യാറല്ല. വാറ്റ് കുറക്കാനും തയ്യാറല്ല. കാരണം നിയമസഭ തിരഞ്ഞെടുപ്പിന് ഇനിയും രണ്ടരക്കൊല്ലത്തെ കാലാവധിയുണ്ടല്ലോ. ചെപ്പടിവിദ്യ അപ്പോൾ മതിയല്ലോ!

അവലോകന യോഗം ചേർന്നു

കാർത്തികപുരം: ഉദയഗിരി ഗ്രാമപഞ്ചായത്തിലെ 2019-20 സാമ്പത്തിക വർഷത്തെ പദ്ധതിയെ കുറിച്ച് ചർച്ച ചെയ്യുന്നതിനുവേണ്ടി ജനപ്രതിനിധികൾ, ഇംപ്ലിമെന്റ് ഓഫീസർമാർ, ആസൂത്രണ സമിതി അംഗങ്ങൾ, വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങൾ എന്നിവരുടെ ഒരു അവലോകന യോഗം ചേർന്നു. പഞ്ചായത്ത് പ്രസിഡണ്ട് മിനി മാത്യു ഉദ്ഘാടനം ചെയ്തു. പഞ്ചായത്ത് വൈസ് പ്രസിഡണ്ട് സിജോ തുണ്ടിയിൽ അധ്യക്ഷത വഹിച്ചു. പഞ്ചായത്ത് സ്ഥിരം സമിതി അംഗങ്ങളായ സരിത മാത്യു, തോമസ് വെക്കത്താനം, ബീന സുരേഷ്, പഞ്ചായത്ത് സെക്രട്ടറി ഒ.എം.ജോർജ്, പഞ്ചായത്തംഗം തങ്കമ്മ ദാമോദരൻ, ഫെസിലിറ്റേറ്റർ ബെന്നി പിടിയ്ക്കൽ, പഞ്ചായത്ത് അസി. സെക്രട്ടറി പി.എ.ജോസഫ് സംസാരിച്ചു.

ജി ഡി മാഷ് സ്മാരക പുരസ്കാരത്തിന് അപേക്ഷ ക്ഷണിച്ചു

കണ്ണൂർ: ലൈബ്രറി കൗൺസിൽ ജില്ലാ സെക്രട്ടറിയും സംസ്ഥാന കൗൺസിലറുമായിരുന്ന ജി ഡി മാഷുടെ സ്മരണയ്ക്കായുള്ള പുരസ്കാരത്തിന് അപേക്ഷ ക്ഷണിച്ചു. ചരിത്ര പഠനങ്ങളും, പ്രാദേശിക ചരിത്ര പഠനങ്ങളായ ചരിത്രപരമായ സെമിനാറുകളും ശിൽപ്പശാലകളും സംഘടിപ്പിക്കുന്ന ലൈബ്രറിക്കാണ് പുരസ്കാരം. പതിനായിരം രൂപയും പ്രശസ്തി പത്രവും മൊമെന്റോയുമാണ് പുരസ്കാരം. ജില്ലാ ലൈബ്രറി കൗൺസിലിന്റെ സഹകരണത്തോടെ പയ്യന്നൂർ വേമ്പു സ്മാരക ലൈബ്രറിയാണ് പുരസ്കാരം ഏർപ്പെടുത്തിയിട്ടുള്ളത്. വിശദമായ റിപ്പോർട്ടും അപേക്ഷയും 20നകം ജില്ലാ ലൈബ്രറി കൗൺസിൽ ഓഫീസിലോ വേമ്പു സ്മാരക ലൈബ്രറിയിലോ എത്തിക്കണം.

ഒന്നാംവാർഷിക ആഘോഷം ഇന്ന്

മംഗര: മംഗര പബ്ലിക് ലൈബ്രറി ആന്റ് റീഡിംഗ് റൂം സീനിയർ സിറ്റിസൺ ഫോറം യൂണിറ്റിന്റെ ഒന്നാം വാർഷികാഘോഷം ഇന്ന് വൈകുന്നേരം മൂന്ന് മണിക്ക് മംഗര പബ്ലിക് ലൈബ്രറി ഹാളിൽ നടക്കും. പഞ്ചായത്ത് മെമ്പർ ടി. പ്രഭാകരന്റെ അധ്യക്ഷതയിൽ എം.വി. ഭട്ടതിരിപ്പാട് ഉദ്ഘാടനം ചെയ്യും. വിവിധ കലാപരിപാടികളും നടക്കും.

സ്വദേശ് മെഗാ ക്വിസ് നടത്തി

തളിപ്പറമ്പ: കെ.പി.എസ്.ടി.എ തളിപ്പറമ്പ നോർത്ത് ഉപജില്ല കമ്മിറ്റി സ്വദേശ് മെഗാ ക്വിസ് നടത്തി. ഇ.കെ.ജയപ്രസാദിന്റെ അധ്യക്ഷതയിൽ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ മുസ്തഫ പുളുക്കൂൽ ഉദ്ഘാടനവും സമ്മാനദാനവും നടത്തി. സി.വി.സോമനാഥൻ, പി.ഗോവിന്ദൻ, ടി. അംബരീഷ്, ഇ.വി.സുരേശൻ, ബാബു സെബാസ്റ്റ്യൻ, കെ.പി.പ്രദീപ് കുമാർ, കെ.വി.മെസ്മർ, വി.ബി. കുബേരൻ നമ്പൂതിരി, കെ.പി. വിജേഷ് സംസാരിച്ചു.

നവരാത്രി വിളക്ക് 10 മുതൽ

തളിപ്പറമ്പ: തൃച്ചംബരം വിക്രാന്തപുരം ക്ഷേത്രത്തിലെ നവരാത്രി വിളക്ക് 10 മുതൽ 19 വരെ നടക്കും. എല്ലാ ദിവസവും സന്ധ്യയ്ക്ക് ദീപാരാധന, നട തുറക്കൽ, പ്രസാദ വിതരണം എന്നിവയുണ്ടായിരിക്കും. 17ന് ഗ്രന്ഥംവെപ്പ്, 18ന് വൈകിട്ട് ഗ്രന്ഥപൂജ, വാഹന പൂജ എന്നിവ നടക്കും. 19ന് രാവിലെ ഗ്രന്ഥപൂജ, ഗ്രന്ഥം പൂജയെടുപ്പ്. തുടർന്ന് വിദ്യാരംഭം. വൈകിട്ട് ദീപാരാധന, നട തുറക്കൽ, പ്രസാദവിതരണം എന്നിവയോടുകൂടി നവരാത്രി ആഘോഷം സമാപിക്കും.

ശുചീകരിച്ചു

കുറുമാത്തൂർ: സ്വച്ഛതാ ഹീ സേവ ക്യാമ്പയിന്റെ ഭാഗമായി കുറുമാത്തൂരിൽ ശുചിത്വ പ്രവർത്തനങ്ങൾ നടത്തി. പ്രിയദർശിനി ജനശ്രീ മിഷൻ, പെരുമ്പ കുടുംബശ്രീ പ്രവർത്തകരും ചേർന്ന് പെരുമ്പ ക്ഷേത്രക്കുളം ശുചീകരിച്ചു. വാർഡ് മെമ്പർ എൻ.പി.റസാഖ്, എം.വി. ബാലകൃഷ്ണൻ, കെ.പി.വിജേഷ്, വി.വി.അനീഷ്, എം.വി.രാജീവൻ, ടി.വി.ബാലകൃഷ്ണൻ, ബി.പി.മധു, കെ.വി.സുരേഷ്ബാബു, സി.പ്രദീപ്കുമാർ, ലത സംസാരിച്ചു.

കൊളച്ചേരി പ്രവാസി ഗ്രാമം പ്രവർത്തകരുടെ ദുരിതാശ്വാസ നിധിയിലേക്കുള്ള സംഭാവന മുൻ പ്രസിഡണ്ട് വിജയൻ നണിയൂർ എ.ഡി.എം. മുഹമ്മദ് യൂസഫിന് കൈമാറുന്നു.

പൂവ്വത്ത് ഗാനമേളയിലൂടെ സമാഹരിച്ച തുക കുറുമാത്തൂർ പഞ്ചായത്ത് പ്രസിഡണ്ട് ഐ.വി.നാരായണൻ കൈമാറുന്നു

പെൻഷനേഴ്സ് അസോസിയേഷൻ വാർഷിക സമ്മേളനം

പട്ടുവം: കേരള സ്റ്റേറ്റ് സർവീസ് പെൻഷനേഴ്സ് അസോസിയേഷൻ പട്ടുവം മണ്ഡലം വാർഷിക സമ്മേളനം ഡി.സി.സി സെക്രട്ടറി അഡ്വ. രാജീവൻ കപ്പച്ചേരി ഉദ്ഘാടനം ചെയ്തു. എ.ഗോപാലകൃഷ്ണൻ മാസ്റ്റർ അധ്യക്ഷത വഹിച്ചു. കെ.എസ്.എസ്.പി.എ ജില്ലാ പ്രസിഡണ്ട് കെ.രാമകൃഷ്ണൻ മുഖ്യപ്രഭാഷണം നടത്തി. സി.നാരായണൻ, എ.ശശിധരൻ, സുഖദേവൻ മാസ്റ്റർ, പപ്പൻ മുറിയാത്തോട് പ്രസംഗിച്ചു. വി.സി.പുരുഷോത്തമൻ സ്വാഗതവും എ.കെ.ഭരതൻ മാസ്റ്റർ നന്ദിയും പറഞ്ഞു. ഭാരവാഹികൾ: എ.ഗോപാലകൃഷ്ണൻ മാസ്റ്റർ (പ്രസിഡണ്ട്), കെ.വി.കെ.നമ്പ്യാർ, പി.പി.ബാലാമണി (വൈസ് പ്രസിഡണ്ട്), വി.സി.പുരുഷോത്തമൻ (സെക്രട്ടറി), മുണ്ടേരി നാരായണൻ, ടി. നാരായണൻ (ജോ. സെക്രട്ടറി), എ.കെ.ഭരതൻ മാസ്റ്റർ (ട്രഷറർ).

KSSPA
സമ്മേളനം

കേരള സ്റ്റേറ്റ് സർവീസ് പെൻഷനേഴ്സ് അസോസിയേഷൻ പട്ടുവം മണ്ഡലം വാർഷിക സമ്മേളത്തിൽ ജില്ലാ പ്രസിഡണ്ട് കെ.രാമഷ്ണൻ മുഖ്യപ്രഭാഷണം നടത്തുന്നു

പെയ്സ് പബ്ലിക് ലൈബ്രറി മെമ്പർഷിപ്പ് ക്യാമ്പയിൻ

ചപ്പാരപ്പടവ്: ചപ്പാരപ്പടവ് പബ്ലിക് ലൈബ്രറിയുടെ മെമ്പർഷിപ്പ് ക്യാമ്പയിന്റെ ഉദ്ഘാടനം ലൈബ്രറി പ്രസിഡന്റ് ഉമ്മർ പി കെ ചപ്പാരപ്പടവ് ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് എം. മൈമൂനത്തിന് ആദ്യ മെമ്പർഷിപ്പ് നൽകിക്കൊണ്ട് നിർവഹിച്ചു. മെമ്പർമാരായ കെ.സുബൈദ, നസീറ, മുനീറ പറോൽ, ലൈബ്രറി അംഗങ്ങളായ സ്വാലിഹ്, മുസ്ഫിർ പങ്കെടുത്തു.

മാന്തംകുണ്ട് - പുളിമ്പറമ്പ് റോഡ് ഉദ്ഘാടനം ചെയ്തു

തളിപ്പറമ്പ: ജയിംസ് മാത്യു എം എൽ എ യുടെ ആസ്തി വികസന ഫണ്ടിൽ നിന്ന് 24 ലക്ഷം രൂപ ചെലവഴിച്ച് നിർമ്മിച്ച മാന്തം കുണ്ട് - വണ്ണാരത്ത് വയൽ- പുളിമ്പറമ്പ് റോഡ് തുറന്നു. ജെയിംസ് മാത്യു എം.എൽ എ ഉദ്ഘാടനം ചെയ്തു. മുനിസിപ്പൽ ചെയർമാൻ അള്ളാംകുളം മഹമ്മൂദ് അധ്യക്ഷനായി. മുനിസിപ്പൽ എൻജിനീയർ പി.വി. ബിജു, ഫയർ സ്റ്റേഷൻ ഓഫീസ് കെ.പി. ബാലകൃഷ്ണൻ, എം.വി.ബാലകൃഷ്ണൻ, പി.പി. രാകേഷ് സംസാരിച്ചു. കൗൺസിലർ കോമത്ത് മുരളീധരൻ സ്വാഗതവും കൺവീനർ ഡി.എം. ബാബു നന്ദിയു പറഞ്ഞു.

രക്തദാന രംഗത്തെ മികച്ച പ്രവർത്തനത്തിനുള്ള ഉപഹാരം ബ്ലഡ്ഡോണേഴ്സ് കേരള ഭാരവാഹികൾ ഏറ്റുവാങ്ങുന്നു.

ബ്ലഡ്ഡോണേഴ്സ് കേരളക്ക് സംസ്ഥാന സർക്കാരിന്റെ ആദരം

കണ്ണൂർ: രക്തദാന രംഗത്തെ മികച്ച പ്രവർത്തനത്തിനുള്ള അംഗീകാരം ബ്ലഡ് ഡോണേഴ്സ് കേരള ചാരിറ്റബിൾ സൊസൈറ്റിയുടെ കണ്ണൂർ, കാസറഗോഡ്, മലപ്പുറം, എറണാകുളം, പാലക്കാട്, തൃശൂർ ജില്ലകൾക്ക് ലഭിച്ചു. തിരുവനന്തപുരം കോർപ്പറേഷൻ ആരോഗ്യകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ ശ്രീകുമാറിൽ നിന്നും ബി.ഡി.കെ ഭാരവാഹികൾ ഉപഹാരം ഏറ്റുവാങ്ങി. കേരള സ്റ്റേറ്റ് എയ്ഡ്സ് കൺട്രോൾ സൊസൈറ്റി ഡയറക്ടർ ഡോ. രമേശ് രൈരു, ഫെഡറേഷൻ ഓഫ് ഇന്ത്യൻ ബ്ലഡ് ഡോണർ ഓർഗനൈസേഷൻ ദേശീയ പ്രസിഡന്റ് കെ.പി രാജഗോപാലൻ സംബന്ധിച്ചു.

സ്വച്ഛതാ ഹീ സേവ ക്യാമ്പയിന്റെ ഭാഗമായി കുറുമാത്തൂർ പെരുമ്പ ക്ഷേത്രക്കുളം ശുചീകരിക്കുന്നു.

മണക്കടവ് മഹാവിഷ്ണു ക്ഷേത്ര കമ്മിറ്റിയുടെ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്കുള്ള ഫണ്ട് പ്രസിഡണ്ട് ബിജു, ഉദയഗിരി വില്ലേജ് ഓഫീസർ ജെന്നിഫർ വർഗീസിന് കൈമാറുന്നു.

ദുരിതാശ്വാസനിധിയിലേക്ക് സംഭാവന നൽകി

പൂവ്വം: മുഖ്യമന്ത്രിയുടെ പ്രളയ ദുരിതാശ്വാസനിധിയിലേക്ക് ഫണ്ട് സ്വരൂപിക്കുന്നതിനായി പൂവ്വത്ത് ഗാനമേള സംഘടിപ്പിച്ചു. ചപ്പാരപ്പടവ് പഞ്ചായത്ത് മെമ്പർ സി.ഷൈജു ഉദ്ഘാടനം ചെയ്തു. എ.വി.മോഹനൻ അധ്യക്ഷനായി. എം. വിജയൻ, എം.ഗംഗാധരൻ, രാജേഷ് കച്ചുമ്പ്രോൻ, ടി.സി.ഗീതാദേവി, വി.സജീവൻ, എം. സുജിത്ത് സംസാരിച്ചു. ഗാനമേളയിലൂടെ സമാഹരിച്ച തുക കുറുമാത്തൂർ പഞ്ചായത്ത് പ്രസിഡണ്ട് ഐ.വി.നാരായണന് കൈമാറി. എം.ഉണ്ണികൃഷ്ണൻ സ്വാഗതവും എം.വി.രവീന്ദ്രൻ നന്ദിയും പറഞ്ഞു.

മലയോരത്ത് ലഹരി മാഫിയ വിലസുന്നു; ലക്ഷ്യം വിദ്യാർത്ഥികളും വിനോദ കേന്ദ്രങ്ങളും

ആലക്കോട്: മലയോര മേഖലയിലെ സ്കൂൾ പരിസരങ്ങളിലും വിനോദ സഞ്ചാര കേന്ദ്രങ്ങളിലും വൻതോതിൽ കഞ്ചാവ് ഉൾപ്പെടെയുള്ള മയക്ക് മരുന്ന് എത്തിക്കുന്ന സംഘം വിലസുന്നു. മലയോരത്തെ സ്കൂൾ- കോളേജ് വിദ്യാർത്ഥികൾക്കിടയിൽ മയക്ക് മരുന്നിന്റെ ഉപയോഗം വൻതോതിൽ വർദ്ധിക്കുന്നതായാണ് അധികൃതർക്ക് ലഭിച്ചിരിക്കുന്ന വിവരം. മലയോര മേഖലയിലെ ഒരു പ്രമുഖ സ്കൂളിൽ നിന്നും ഏതാനും ദിവസം മുമ്പ് ഒരു സംഘം വിദ്യാർത്ഥികളെ കഞ്ചാവ് ഉപയോഗിക്കുന്നതിനിടെ അധ്യാപകർ കയ്യോടെ പിടികൂടിയിരുന്നു. തുടർന്ന് രക്ഷിതാക്കളുടെയും സ്കൂൾ പരിസരത്തെ വ്യാപാരികളുടെയും മറ്റും യോഗം വിളിച്ച് ചേർത്ത് മയക്ക് മരുന്ന് വിൽപ്പനക്കെതിരെ അതീവ ജാഗ്രത പുലർത്താൻ നിർദേശിച്ചിരുന്നു. സ്കൂളുകൾക്ക് പുറമെ പൈതൽമല, മഞ്ഞപ്പുല്ല്, പാലക്കയംതട്ട് തുടങ്ങിയ വിനോദ സഞ്ചാര കേന്ദ്രങ്ങളിലും കഞ്ചാവ് വിൽപ്പന വ്യാപകമാണ്. ഇത്തരം സംഘത്തിൽപ്പെട്ട ചെങ്ങളായി സ്വദേശിയെ കഴിഞ്ഞ ദിവസം കാപ്പിമല മഞ്ഞപ്പുല്ലിൽ നിന്ന് ആലക്കോട് എക്സൈസ് അറസ്റ്റ് ചെയ്തിരുന്നു. മംഗലാപുരം, കാസർക്കോട്, ഉപ്പള തുടങ്ങിയ സ്ഥലങ്ങളിൽ നിന്നാണ് മലയോരത്തേക്ക് കഞ്ചാവ് സുലഭമായി എത്തിക്കൊണ്ടിരിക്കുന്നത്. നിരവധി സംഘങ്ങളാണ് വിൽപ്പനയ്ക്കായി രംഗത്തുള്ളത്. വിദ്യാർത്ഥികളും യുവാക്കളുമാണ് ഉപഭോക്താക്കളിൽ ഏറെയും. ഇരുചക്ര വാഹനങ്ങളിൽ കറങ്ങി സ്കൂൾ പരിസരങ്ങളിലും വിനോദ സഞ്ചാര കേന്ദ്രങ്ങളിലും തമ്പടിച്ചാണ് സംഘം ഇരകളെ വലയിൽ വീഴ്ത്തുന്നത്. യുവതലമുറയെ ആകെ വഴിതെറ്റിക്കുന്ന വിധത്തിലുള്ള മയക്ക് മരുന്ന് ലോബിയാണ് മലയോരം കേന്ദ്രമായി പ്രവർത്തിച്ചുവരുന്നത്.

വ്യാപാരി വ്യവസായി ഏകോപനസമിതി ജനറൽബോഡിയും അനുമോദനവും നാളെ

തളിപ്പറമ്പ: വ്യാപാരി വ്യവസായി ഏകോപന സമിതി 2017-2018 വാർഷിക ജനറൽബോഡി യോഗവും എസ്.എസ്.എൽ.സി, പ്ലസ്ടു ഉന്നത വിജയികൾക്കുള്ള അനുമോദനവും ദുരിതാശ്വാസ സഹായ വിതരണവും നാളെ നടക്കുമെന്ന് ഭാരവാഹികൾ വാർത്താസമ്മേളനത്തിൽ അറിയിച്ചു. കപ്പാലം വ്യാപാരഭവൻ ഓഡിറ്റോറിയത്തിൽ രാവിലെ 10 മണിക്ക് ജില്ലാ ട്രഷറർ എം.പി.തിലകൻ ഉദ്ഘാടനം നിർവഹിക്കും. യൂണിറ്റ് പ്രസിഡണ്ട് കെ.എസ്.റിയാസ് അധ്യക്ഷത വഹിക്കും. വ്യാപാരികളുടെ മക്കളിൽ ഉന്നത വിജയം നേടിയവർക്കുള്ള ഉപഹാരം സി.ഐ കെ.ജെ.വിനോയിയും പ്രളയ ദുരിത ബാധിതർക്കുള്ള സഹായ വിതരണം ജില്ലാ സെക്രട്ടറി കെ.മുസ്തഫ ഹാജിയും നിർവഹിക്കും. ജനറൽബോഡിയോടനുബന്ധിച്ച് അസോസിയേഷന് കീഴിലുള്ള മുഴുവൻ വ്യാപാര സ്ഥാപനങ്ങളും നാളെ അവധിയായിരിക്കുമെന്നും ഭാരവാഹികൾ അറിയിച്ചു.

വാർത്താസമ്മേളനത്തിൽ കെ.എസ്.റിയാസ്, കെ.കെ.നാസർ, സി.പി.ഷൗക്കത്തലി, കെ.വി.ഇബ്രാഹിം, പി.ജയരാജൻ സംബന്ധിച്ചു.

മാന്തംകുണ്ട് - വണ്ണാരത്ത് വയൽ- പുളിമ്പറമ്പ് റോഡിന്റെ ഉദ്ഘാടനം ജയിംസ് മാത്യു എം.എൽ.എ നിർവഹിക്കുന്നു.

പയ്യാവൂർ ഗവ. യു പി സ്കൂൾ: ശതാബ്ദിയാഘോഷ കമ്മിറ്റി രൂപീകരിച്ചു

പയ്യാവൂർ: 1919ൽ സ്ഥാപിതമായ പയ്യാവൂർ ഗവ. യു.പി.സ്കൂളിന്റെ ശതാബ്ദിയാഘോഷങ്ങൾക്കായുള്ള കമ്മിറ്റി രൂപീകരണ യോഗം സ്കൂൾ ഓഡിറ്റോറിയത്തിൽ പയ്യാവൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ഡെയ്സി ചിറ്റൂപ്പറമ്പിൽ ഉദ്ഘാടനം ചെയ്തു. പഞ്ചായത്തംഗം ജോയി ജോസഫ് പൂവന്നിക്കുന്നേൽ അധ്യക്ഷത വഹിച്ചു. പഞ്ചായത്ത് വൈസ് പ്രസിഡന്റ് ടി.പി.അഷ്റഫ്, വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺ ആഗ്നസ് വാഴപ്പള്ളിൽ, പയ്യാവൂർ സഹകരണ ബാങ്ക് പ്രസിഡന്റ് ടി.എം.ജോഷി, ആർ.കെ.സന്തോഷ് കുമാർ, പി.ശെൽവി, ആർ.വി.പവിത്രൻ, എം.പി.സിറിയക്ക്, പി.ഉഷാകുമാരി, കെ.ആർ.മോഹനൻ, ജോയി പുന്നശ്ശേരി മലയിൽ, വി.പി.അബ്ദുൾ ഖാദർ, അനിരുദ്ധൻ, കെ.വി.നാരായണൻ നായർ, കെ.പി.കണ്ണൻനമ്പ്യാർ, ടോമി കുരുവിള, എം.ബിന്ദു പ്രസംഗിച്ചു. ഭാരവാഹികൾ: കെ.സി.ജോസഫ് എം എൽ എ, പഞ്ചായത്ത് പ്രസിഡന്റ് ഡെയ്സി ചിറ്റൂപ്പറമ്പിൽ, വൈസ് പ്രസിഡന്റ് ടി.പി.അഷ്റഫ്, ബ്ലോക്ക് പഞ്ചായത്തംഗം വൽസല സാജു, ജില്ലാ പഞ്ചായത്തംഗം പി.കെ.സരസ്വതി (രക്ഷാധികാരികൾ), പഞ്ചായത്തംഗം ജോയി ജോസഫ് (ചെയർമാൻ), പി ടി എ പ്രസിഡന്റ് ആർ.കെ.സന്തോഷ് കുമാർ (വർക്കിംഗ് ചെയർമാൻ), പ്രധാനധ്യാപകൻ ടോമി കുരുവിള (ജനറൽ കൺവീനർ).

ലൈസൻസ്ഡ് എഞ്ചിനീയേഴ്സ് & സൂപ്പർവൈസേഴ്സ് ഫെഡറേഷൻ
ലെൻസ്ഫെഡ്
ആലക്കോട് യൂണിറ്റ് കൺവെ
NO ADMISSION

ലെൻസ്ഫെഡ് ആലക്കോട് യൂണിറ്റ് സമ്മേളനം എ. മുകുന്ദൻ ഉദ്ഘാടനം ചെയ്യുന്നു.

ഡാമുകളിലെ മണൽ ശേഖരിക്കണമെന്ന് ലെൻസ്ഫെഡ്

ആലക്കോട്: കേരളത്തിലുണ്ടായ മഹാപ്രളയത്തെ തുടർന്ന് ഡാമുകളിൽ അടിഞ്ഞുകൂടി കിടക്കുന്ന മണൽ ശേഖരിച്ച് കെട്ടിട നിർമ്മാണത്തിനായി ജനങ്ങൾക്ക് ലഭ്യമാക്കണമെന്ന് ലെൻസ്ഫെഡ് ആലക്കോട് യൂണിറ്റ് സമ്മേളനം ആവശ്യപ്പെട്ടു. ജോസ് ജോസഫിന്റെ അധ്യക്ഷതയിൽ താലൂക്ക് പ്രസിഡണ്ട് എ. മുകുന്ദൻ ഉദ്ഘാടനം ചെയ്തു. ബിനു ജോർജ്, ഐ.ഡി. കാർഡ് വിതരണം നിർവഹിച്ചു. എ. എസ്. മാത്യു, റജീഷ് മാത്യു, ടി. രാജീവൻ, മെജോ വർഗീസ്, ബിജോ തോമസ്, പി.വി. സാജൻ പ്രസംഗിച്ചു.